2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുമേഖലാസ്ഥാപനങ്ങൾക്കും ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

പൊതുമേഖലാ സ്ഥാപനങ്ങളുടെ പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം അടച്ചാൽമതിയാകും. സ്വന്തമായ ഭൂമി അന്യാധീനപ്പെടുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അണക്കെട്ടുകളിൽനിന്നും സംഭരിച്ച മണലിന്റെ വില്പന

175 (189) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അണക്കെട്ടുകളിൽനിന്നും സംഭരിച്ച മണലിന്റെ വില്പനയുമായി ബന്ധപ്പെട്ട് 2010 ഡിസംബർ 31 വരെ എത്ര രൂപ ഖജനാവിലേക്ക് മുതൽകൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ മണൽ എടുക്കുന്നതിനുവേണ്ടി എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര അളവിലുള്ള മണ്ണാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളത് മേൽപ്പറഞ്ഞ വിവരങ്ങൾ ഡാം തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അണക്കെട്ടുകളിൽനിന്നും സംഭരിച്ച മണലിന്റെ വില്പനയുമായി ബന്ധപ്പെട്ട് 31-12-2010-വരെ 1248.91 ലക്ഷം രൂപ ഖജനാവിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. 11017.78 രൂപ വാറ്റ് ഇനത്തിൽ ട്രഷറിയിൽ അടച്ചിട്ടുണ്ട്. കൂടാതെ 1800 ലക്ഷം രൂപയുടെ മണൽ മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽ ഇപ്പോൾ സ്റ്റോക്ക് ഉണ്ട്.

(ബി) ഇത്തരത്തിൽ മണൽ എടുക്കുന്നതിനുവേണ്ടി 695.64 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽനിന്നും കെംഡല്ലിന്റെ നേതൃത്വത്തിൽ 4 മാസംകൊണ്ട് 3 ലക്ഷം ഘനമീറ്റർ മണലും അരുവിക്കര ഡാമിൽനിന്നും 750 ഘനമീറ്റർ മണലും 4000 ഘനമീറ്റർ ചെളിമണ്ണും നാളിതുവരെ ലഭ്യമായിട്ടുണ്ട്.

കൊടുവള്ളിയിൽ സെയിൽസ് ടാക്സ് സർക്കിൾ ഓഫീസ്

176 (190) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷനിൽ എത്ര സെയിൽസ് ടാക്സ് സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly